പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1276

13/12/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## റീസർവ്വേ നിർത്തലാക്കിയ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ ഭൂമി റീസർവ്വേ നടത്തുന്നത് നിർത്തലാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ വ്യക്തികളുടെ ഭൂമി റീസർവ്വെ ചെയ്താൽ മതിയെന്ന് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) 1966-67 കാലയളവിൽ ആരംഭിച്ച റീസർവ്വേ പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗമിച്ചിരുന്നുവെന്നും എത്രമാത്രം ഭൂമി അളന്ന് തിട്ടപ്പെടുത്തി വ്യക്തമായ റവന്യൂ രേഖകൾ പൂർണ്ണമായ തലത്തിൽ തയ്യാറാക്കിയെന്നും അറിയിക്കുമോ; ഈ നടപടികൾക്കായി ഇതുവരെ എന്തു തുക ചെലവായെന്നു വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്ത് ആകെയുള്ള 1635 റവന്യൂ വില്ലേജുകളിൽ 776 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.<br>ഈ നടപടികൾക്കായി നാളിതുവരെ 14,76,48,107.50 രൂപ (പതിനാലു കോടി എഴുപത്തിയാറു ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി ഏഴു രൂപ അമ്പത് പൈസ) ചെലവായിട്ടുണ്ട്. |
| (സി) സ്വകാര്യ ഭൂമിയുടെ റീസർവ്വേ നടപടികൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; സ്വകാര്യ വ്യക്തികൾ കൈയേറി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഇനി എങ്ങനെ തിട്ടപ്പെടുത്തി സർക്കാരിലേയ്ക്ക് വീണ്ടെടുക്കുമെന്നു വ്യക്തമാക്കാമോ; | (സി) ബഹു.മുഖ്യമന്ത്രിയുടെ 2011 ലെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ റീസർവ്വെ സംബന്ധിച്ച ധാരാളം പരാതികളും ഹർജികളും ഇനിയും തീർപ്പുകല്പ്പിക്കുവാൻ അവശേഷിക്കുന്നതായും, റീസർവ്വെ കഴിഞ്ഞതിനു ശേഷം കരം ഒടുക്കുവാനും പോക്കുവരവ് ചെയ്യുന്നതിനും കഴിയുന്നില്ല എന്ന് ചൂണ്ടികാണിച്ച് അനേകം പരാതികൾ ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി |

| | | | |
|---|---|---|---|
| | | | പരിഹാരസെല്ലിൽ ലഭിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. റീസർവ്വെ പൂർത്തി യാക്കിയ വില്ലേജുകളിലെല്ലാം തന്നെ ആയിരക്കണക്കിനു പരാതികളും ഹർജികളും ഉണ്ടാവുകയും ചെയ്തു.<br>സംസ്ഥാനത്ത് റീസർവ്വെ നടത്തിയതിന്റെ ഇതുവരെയുള്ള മേൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്ത് ഇനിയും റീസർവ്വെ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം റീസർവ്വെ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് മാത്രം സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ റീസർവ്വെ, നടത്താവുന്നതാണെന്നും തീരുമാനിക്കുകയും ചെയ്തു.<br>സർക്കാർ ഭൂമിയിലുള്ള അനധികൃത കൈയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിച്ചെടുക്കാവുന്നതാണ്. |
| (ഡി) | റീസർവ്വേ നിർത്തലാക്കിയ നടപടിയിലൂടെ തസ്തികകൾ ഇല്ലാതാക്കി സർവ്വേയർമാരുടെ നിയമനം അട്ടിമറിക്കാനുമുള്ള ശ്രമമാണ് നടക്കുന്നതെന്നുള്ള ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ തീരുമാനം പുനഃപരിശോധിക്കുമോ; | (ഡി) | ഇല്ല<br>ബാധകമല്ല. |
| (ഇ) | നിലവിൽ റവന്യൂ രേഖകളുടെയും സ്കെച്ചിന്റെയും അഭാവമുള്ളതിനാൽ പോക്കുവരവ്, കൈവശരേഖകൾ, സ്കെച്ചുകൾ തുടങ്ങിയവ വില്ലേജ് ഓഫീസുകളിൽ നിന്നും മറ്റ് റവന്യൂ ഓഫീസുകളിൽ നിന്നും എങ്ങനെ ലഭിക്കുമെന്നു വ്യക്തമാക്കുമോ? | (ഇ) | നിലവിലുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

1276

GOVERNMENT OF KERALA

**സംഗ്രഹം**

റവന്യൂ - സർവ്വെയും ഭൂരേഖയും വകുപ്പ് - റീസർവ്വെ - സംസ്ഥാനത്ത് റീസർവ്വെ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യഭൂമിയിലുമാക്കി നിജപ്പെടുത്തി ഉത്തരവാകുന്നു. -

റവന്യൂ (ഇ) വകുപ്പ്

സർക്കാർ ഉത്തരവ് (കൈ) നം 409/12/റവന്യൂ തിരുവനന്തപുരം, 31/10/2012

പരാമർശം :- 1) 06/10/1965ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 781/65/റവന്യൂ
2) 26/07/1995ലെ സർക്കാർ ഉത്തരവ് (സാധ)നമ്പർ 2790/95/റവന്യൂ
3) 21/04/1997 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 271/97/റവന്യൂ
4) 17/10/2008 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 346/08/റവന്യൂ
5) 31/05/2010 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 200/10/റവന്യൂ
6) 05/03/2011 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 145/11/റവന്യൂ

**ഉത്തരവ്**

പരാമർശം ഒന്നു പ്രകാരം 7 വർഷം കൊണ്ട് പൂർത്തിയാക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ സംസ്ഥാനത്ത് റീസർവ്വെ പ്രവർത്തനം ആരംഭിച്ചു. എന്നാൽ 1980 കാലഘട്ടം വരെ മാത്രമേ പ്രസ്തുത റീസർവ്വെ പ്രവർത്തനം കാര്യമായി പുരോഗമിച്ചിരുന്നുള്ളൂ. ഭൂപരിഷ്കരണത്തെ തുടർന്ന് റീസർവ്വെ കഴിഞ്ഞ വില്ലേജുകളിലും ധാരാളം സബ്ഡിവിഷനുകൾ രൂപം കൊള്ളുകയും അതനുസരിച്ചുള്ള റിക്കാർഡുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് വകുപ്പിന് കഴിയാതെ വരികയും ചെയ്തു. തുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ ഒരു മാസം 100 വില്ലേജുകൾ എന്ന കണക്കിന് 6 മാസം കൊണ്ട് പരാതികൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പരാമർശം 2 പ്രകാരം റീസർവ്വെ പ്രവർത്തനം നിർത്തി വെയ്ക്കുകയും സർവ്വെ അദാലത്തുകൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന് പരാമർശം 3 പ്രകാരം റീസർവ്വെ സബ് ഡിവിഷൻ ജോലി ആരംഭിച്ചിട്ടില്ലാത്ത വില്ലേജുകളിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് റീസർവ്വെ ചെയ്യുവാൻ ഉത്തരവായി എങ്കിലും വേണ്ടത്ര പുരോഗതി ആർജിക്കുന്നതിന് വകുപ്പിനു സാധിച്ചില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിൽ പ്പെടുത്തി (NLRMP) സംസ്ഥാനത്തെ റീസർവ്വെ മൂന്നു വർഷം കൊണ്ട് പൂർത്തിയാക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ പരാമർശം 4 പ്രകാരം കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ (KLIM) കീഴിൽ 'ഭൂമികേരളം' പദ്ധതി ആരംഭിച്ചു. എന്നാൽ പ്രസ്തുത പദ്ധതി മുഖാന്തിരവും ഒരു വില്ലേജിൽ പോലും റീസർവ്വെ റിക്കാർഡുകൾ അന്തിമമാക്കി റവന്യൂ ഭരണത്തിന് കൈമാറാൻ കഴിഞ്ഞിട്ടില്ല.

സർവ്വെ ജോലികളിൽ അകാരണമായ കാലതാമസവും നിഷ്ക്രിയത്വവും സംബന്ധിച്ച് ഒട്ടനവധി പരാതികൾ ലഭിച്ചു വന്ന സാഹചര്യത്തിൽ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഏകദിന/ഏകമാസ സർവ്വെ അദാലത്തുകൾ, ജനകീയ സർവ്വെ അദാലത്തുകൾ തുടങ്ങി എല്ലാ അദാലത്ത് പ്രവർത്തനങ്ങളും പരാമർശം 5 പ്രകാരം അവസാനിപ്പിക്കുകയും , റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും മേൽനടപടികൾ സ്വീകരിക്കേണ്ടതിന്റെ ചുമതല ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസിൽദാർമാർക്ക് നൽകിയും, താലൂക്ക് LRM സംവിധാനം ശക്തിപ്പെടുത്തിയും ഉത്തരവായി.

റീസർവ്വെ റിക്കാർഡുകൾ പ്രാബല്യത്തിൽ വരുമ്പോൾ സ്വകാര്യ വ്യക്തികളുടെ ഭൂമി സംബന്ധിച്ചുള്ള വ്യത്യാസം പരാതി മുഖേന പരിഹരിക്കപ്പെടാറുണ്ടെങ്കിലും സർക്കാർ ഭൂമി നഷ്ടപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംവിധാനം ഒന്നുമില്ലാത്തതു കാരണം റീസർവ്വെ മുഖേന സർക്കാർ ഭൂമി നഷ്ടപ്പെടുന്നതായി കണ്ടെത്തിയ സാഹചര്യത്തിൽ റീസർവ്വെ റിക്കാർഡുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും റവന്യൂ പുറമ്പോക്ക്, മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സർക്കാർ പുറമ്പോക്ക് എന്നിവ സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തികൊണ്ട് പരാമർശം 6 പ്രകാരം ഉത്തരവായിട്ടുണ്ട്.

ബഹു.മുഖ്യമന്ത്രിയുടെ 2011 ലെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ റീസർവ്വെ സംബന്ധിച്ച ധാരാളം പരാതികളും ഹർജികളും ഇനിയും തീർപ്പുകല്പ്പിക്കുവാൻ അവശേഷിക്കുന്നതായും, റീസർവ്വെ കഴിഞ്ഞതിനുശേഷം കരം ഒടുക്കുവാനും പോക്കുവരവ് ചെയ്യുന്നതിനും കഴിയുന്നില്ല എന്ന് ചൂണ്ടികാണിച്ച് അനേകം പരാതികൾ ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ ലഭിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. 1966-67 കാലഘട്ടത്തിൽ ആരംഭിച്ച റീസർവ്വെ പ്രവർത്തനം മുഖേന സംസ്ഥാനത്തൊട്ടാകെയുള്ള 1635 വില്ലേജുകളിൽ ആകെ 773 വില്ലേജുകളിലും 29 ബ്ലോക്കുകളിലും മാത്രമാണ് നാളിതുവരെ റീസർവ്വെ പ്രവർത്തനം പൂർത്തിയാക്കിയിട്ടുള്ളത്. റീസർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിലെല്ലാം തന്നെ ആയിരക്കണക്കിനു പരാതികളും ഹർജികളും ഉണ്ടാവുകയും ചെയ്തു.

സംസ്ഥാനത്ത് റീസർവ്വെ നടത്തിയതിന്റെ ഇതുവരെയുള്ള മേൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്ത് ഇനിയും റീസർവ്വെ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം റീസർവ്വെ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് മാത്രം സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ റീസർവ്വെ, നടത്താവുന്നതാണെന്നും തീരുമാനിച്ച് ഉത്തരവാകുന്നു.

ടി തീരുമാനം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ചും, ഓഫീസുകളുടെ പുനഃക്രമീകരണം സംബന്ധിച്ചും പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**കെ.ബി.വത്സലകുമാരി**
പ്രിൻസിപ്പൽ സെക്രട്ടറി

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത്.സഹിതം)
സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും
ധനകാര്യവകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (vide item no.1171, dated 08/02/2012)
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരള തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ